# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5451 — 25/10/2011 ന് മറുപടിയ്ക്ക്

### ജാതി സർട്ടിഫിക്കറ്റ് വിതരണത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) | |
| (എ) | ജാതി സർട്ടിഫിക്കറ്റുകൾ നൽകാൻ ഉത്തരവാദിത്വപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ പ്രസ്തുത സർട്ടിഫിക്കറ്റുകൾ നൽകാൻ ജാതി-മതസംഘടനകളുടെ സർട്ടിഫിക്കറ്റുകളും, ശുപാർശകളും ഹാജരാക്കണമെന്ന് ആവശ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപേക്ഷകൻ ഹാജരാക്കുന്ന ആധികാരിക രേഖകളുടെയും വില്ലേജോഫീസറുടെ പ്രാദേശികാന്വേഷണത്തിന്റെയും അടിസ്ഥാനത്തിലാണ് നിലവിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. |
| (ബി) | ഇപ്രകാരം ജാതി-മത സംഘടനകളിൽ നിന്നും സർട്ടിഫിക്കറ്റുകളോ ശുപാർശകളോ ഹാജരാക്കാത്തതുമൂലം ജാതി സർട്ടിഫിക്കറ്റുകൾ നൽകിയില്ല എന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ബി) | പരാതി ലഭിച്ചിട്ടില്ല. |
| (സി) | ഇത്തരം പരാതികളിന്മേൽ എന്ത് നടപടികൾ കൈക്കൊണ്ടു എന്നകാര്യം വ്യക്തമാക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ആവശ്യമായ അന്വേഷണം നടത്തുവാനും പ്രസ്തുത സർട്ടിഫിക്കറ്റുകൾക്ക് സമുദായ സംഘടനകളുടെ ശുപാർശയും സാക്ഷ്യപത്രവും ആവശ്യപ്പെടരുതെന്നും റവന്യൂ ഉദ്യോഗസ്ഥരെ അറിയിക്കുന്നതിന് സർക്കുലർ പുറപ്പെടുവിക്കുമോ? | (ഡി) | ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സമുദായ സംഘടനകളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കരുത് എന്നും വില്ലേജോഫീസറുടെ സ്വതന്ത്രമായ പ്രാദേശികാന്വേഷണത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നും 1/09/2008 ലെ 47261/റ്റി2/08/ആർ.ഡി. നമ്പർ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ